# സമുദായമേ...
# ഇവരെ സൂക്ഷിക്കുക

സുൽഫികർ, വാടാനപ്പള്ളി

''തന്റെ ഇന്നോവ കാർ ബ്രേക്കിട്ടു. ഇബ്രാഹീം ഹാജറയോട് പറഞ്ഞു''. 'ഇതാണ് സ്ഥലം ഇറങ്ങുക' മടങ്ങാൻ തുനിഞ്ഞപ്പോൾ ഹാജറയുടെ പിൻവിളി; 'നോക്കൂ, ഹോട്ടൽ ബില്ലിനും കൂൾഡ്രിംഗ്സിനും, ഷോപ്പിങ്ങിനുമുള്ള പണം അഡ്വാൻസായി തന്നിട്ടുമതി ഇനി നിങ്ങളുടെ സ്വൈര്യ സഞ്ചാരം. ചരിത്രത്തിലേതു പോലെ വെയിലു കൊള്ളാനൊന്നും എന്നെ കിട്ടില്ല.' ഇവൾ അഭിനവ ഹാജറ''

ഈ വായനയിൽ വിശ്വാസികൾ ഞെട്ടിയോ? ഇത് 'ഡാനിഷ്' പത്രത്തിലെ വരികളാണെന്ന് കരുതിയോ? അതോ സംഘ്പരിവാറിന്റെ പത്രത്തിലേതെന്നോ?

അല്ല. അല്ലാഹുവിന്റെ പ്രവാചകൻ മുഹമ്മദ് നബി(സ്വ)യുടെ വസ്ത്രധാരണത്തെ പെൺകുട്ടികളുടെ മിനിസ്കർട്ടിനോട് ഉപമിക്കാൻ ധാർഷ്ട്യം കാണിച്ച, (പ്രബോധനം 92 ജൂൺ 21) ജമാഅത്തെ ഇസ്ലാമിയുടെ വനിതാ മാസികയായ ആരാമത്തിലെ വരികളാണിത്.

മുമ്പും അവർ ഈ മഹാനുഭവനെ ഇകഴ്ത്തിയിട്ടുണ്ട്. പ്രവാചകൻമാരുടെ ദൗത്യത്തിന്റെ പരമവും ആത്യന്തികവുമായ ലക്ഷ്യം ദൈവിക ഭരണം സ്ഥാപിക്കലാണെന്ന് പറഞ്ഞ് ആ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാതെ 'അകാലത്തിൽ പൊലിഞ്ഞ' പ്രവാചകൻമാരെ എണ്ണിയപ്പോൾ കടമകൾ പൂർത്തീകരിച്ച പ്രവാചകനെന്ന് ക്വുർആൻ സാക്ഷ്യപ്പെടുത്തിയ ഇബ്രാഹിം നബി(അ)യെ തന്നെ ഇവരുടെ ആചാര്യൻ ഉദാഹരണമായി എടുത്തുദ്ധരിച്ചിട്ടുണ്ട് (തജ്ദീദോ ഇഹ്യാഎദ്ദീൻ പേ. 32,33). ആ മൗദൂദിയോട് തീവ്രമായ അനുരാഗാത്മക ഭ്രമം വെച്ചുപുലർത്തുന്ന, വനിതകളാൽ മാത്രം നടത്തപ്പെടുന്ന വനിതാ മാസികയിൽ, ആ പ്രവാചക കുടുംബത്തിന്റെ മഹാ ത്യാഗത്തിന്റെ സ്മരണകൾ അയവിറക്കുന്ന പുണ്യമാസത്തിൽ അതിലെ ഏറ്റവും ശ്രേഷ്ഠമായ കർമ്മങ്ങളെ ഇകഴ്ത്തുമാറ് ഇത്തരം ഒരു 'കോമഡി' വന്നില്ലെങ്കിലേ അതിശയിക്കേണ്ടതുള്ളൂ.

ഞങ്ങളുടെ റബ്ബേ! എന്റെ സന്താനത്തെ, യാതൊരു വിളയും (കൃഷിയും) ഇല്ലാത്ത താഴ്വരയിൽ –നിന്റെ പരിപാവനമായ ഭവനത്തിനടുത്ത്–ഞാൻ പാർപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ! അവർ നമസ്കാരം നിലനിർത്തിപോരുവാനായിട്ടാണത്.....''എന്ന് പ്രാർത്ഥിച്ചുകൊണ്ട് തിരിച്ചു നടന്ന മഹാനായ ഇബ്റാഹിം നബി(അ) സ്വൈര സഞ്ചാരത്തിനിറങ്ങിയതാണെന്ന് ദ്യോതിപ്പിക്കുന്ന വിരികളല്ലേ ''നോക്കൂ ഹോട്ടൽ ബില്ലിനും കൂൾ ഡ്രിങ്ക്സിനും ഷോപ്പിങ്ങിനുമുള്ള പണം അഡ്വാൻസായി തന്നിട്ടു മതി ഇനി നിങ്ങളുടെ സ്വൈര സഞ്ചാരം'' എന്ന 'അഭിനവ ഹാജറയുടെ' പിൻവിളിയായി 'ആരാമ'ക്കാർ എഴുതിപ്പിടിപ്പിച്ചത്.

ചരിത്രത്തിൽ സ്വൈരസഞ്ചാരത്തിനിറങ്ങിയതാണോ മഹാനായ ഇബ്രാഹിം നബി(അ)? തന്റെ കുടുംബത്തെ ജലശൂന്യവും ഫലശൂന്യവുമായ മണലാരണ്യത്തിൽ പാർപ്പിച്ചു തിരിച്ചു നടന്നത് അതിനാണെന്ന് ഇവരെഴുതും, കാരണം ഇവർക്ക് ഇസ്മാഈൽ നബി(അ) ഇബ്റാഹീമിന്റെ

‘‘സ്വാതന്ത്ര്യം ഹനിക്കുകയും ചുമതലകൾ നിർവഹിക്കുന്നതിന് തടസ്സം നിൽക്കുകയും ചെയ്യുന്ന’’വനാണല്ലോ? (പ്രബോധനം 1987 ആഗസ്ത് 1)

ഇവർക്ക് ചിരിക്കാനും ചിരിപ്പിക്കാനുമുള്ള ‘മിമിക്രിയിലെ കഥാപാത്രങ്ങളായി ഒരു മഹാത്യാഗ ത്തിന്റെ ചരിത്രത്തിലെ മഹത്തുക്കളെയും അല്ലാഹു പവിത്രമാക്കിയ മതചിഹ്നങ്ങളെയും തന്നെ തെരഞ്ഞെടുത്തില്ലെങ്കിലേ നാം അതിശയിക്കേണ്ടതുള്ളൂ.

ദാഹിച്ചു വലഞ്ഞ മാതാവിനും കുഞ്ഞിനും ഒരിറ്റു ദാഹജലത്തിനായി ‘സഫ’ കുന്നിൻ മുകളി ലേക്കും അവിടെനിന്ന് ‘മർവ’യിലേക്കും ഓടിക്കൊണ്ടിരുന്ന പിടക്കുന്ന മാതൃ ഹൃദയത്തിന്റെ വെമ്പലുകളെ, ആ മഹാത്യാഗത്തെ ഇംഗ്ലീഷിൽ ‘ഷോപ്പിംഗ്’ എന്ന് മൊഴിമാറ്റം നടത്തി ഇവരെ ഴുതുന്നു. ‘‘ഹാജറ സഅ്യ് തുടങ്ങി ‘ഷോപ്പിംഗ്’ എന്ന് ഇംഗ്ലീഷിൽ മൊഴിമാറ്റം. ‘സഫ’യിൽ നിന്നു തന്നെ തുടക്കം ‘സഫ’ ഒരു ചെരുപ്പ് കടയാണ്. ‘മർവ്വയിലേക്കാണ് ഓട്ടം’ അതാകട്ടെ അങ്ങാടിയിലെ വമ്പൻ വസ്ത്രമാളികയും’’ എന്ന്.

പരിശുദ്ധ ഹജ്ജ്കർമത്തിലെ അല്ലാഹുവിനുള്ള പ്രാർത്ഥനയിലെ- ഒരു മഹാത്യാഗത്തിന്റെ സ്മരണകൾ അയവിറക്കുന്ന ഒരു പുണ്യകർമത്തെ, ഇംഗ്ലീഷിൽ മൊഴിമാറ്റം നടത്തി ആളുകളെ ചിരിപ്പിക്കാൻ ഇവർക്കെന്തൊരു ധൈര്യം! ഈ വായനയിലൂടെ വിശ്വാസികളുടെ മനസ്സിലേക്ക് ‘സഅ്യ്’ എന്ന മഹത്കർമം ഷോപ്പിംഗിന്റെ ലാഘവത്തിലേക്ക് ചുരുങ്ങിപ്പോകാൻ ഈ വരികൾ കാരണമായിട്ടുണ്ടെങ്കിൽ, ഇതിലവർക്ക് വേദനിക്കാൻ ഇടയില്ല. കാരണം, പുണ്യം ലഭിക്കാനുള്ള ആരാധനാകർമത്തെ അതിശ്രേഷ്ഠമായ ജമാഅത്ത് നമസ്കാരത്തെ’ ചെറിയ പരിധിക്കുള്ളിൽ വെച്ച്കൊണ്ട് സുശക്തവും വിപുലവുമായ ഒരു ഭരണകൂടം നടത്താൻ പരിശീലിപ്പിക്കുകയും പ്രാപ്തമാക്കുകയും ചെയ്യുന്ന (ഖുതുബാത്ത്) പട്ടാള പരിശീലനമായാണല്ലോ ഇവരുടെ ആചാ ര്യൻ മൗദൂദി പരിചയപ്പെടുത്തിയത്.

അത്കൊണ്ടുതന്നെ മഹത്തായ ഹജ്ജ് കർമത്തിലെ ചരിത്രത്തിലെ ദാഹജലത്തിനുവേണ്ടിയുള്ള ഒരു മാതാവിന്റെ നെട്ടോട്ടത്തെ അനുസ്മരിച്ചുകൊണ്ടുള്ള സഫാമർവക്കിടയിലെ- സഅ്യിനെ ‘ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഏറ്റവും വിപുലവും സെലക്ടീവുമായ ഷോപ്പിംഗ് നട ത്താനുള്ള പരിശീലനമായി നാളെ ഇവർ പിരിചയപ്പെടുത്തിക്കൂടെന്നില്ല.

‘‘ഇതിനിടയിൽ അവൾ ഇസ്മാഈലിനെ മറന്നിട്ടൊന്നുമില്ല, അവൻ അവക്കു രണ്ടിനുമിടയി ലുള്ള ടാഗോർ കിന്റർ ഗാർട്ടനിലാണ്, ദാഹിച്ചുകരഞ്ഞ, മാതൃസ്നേഹം കൊതിച്ച അവന്റെ വായിലേക്ക് ആയ പാൽകുപ്പിയുടെ നിപ്പിൾ അമർത്തി, എന്നിട്ടു പറഞ്ഞു: ‘സംസം കുഞ്ഞേ ഇപ്പോൾ ഇത്രമതി’ എന്നു പറഞ്ഞുകൊണ്ട് ‘ആരാമ’ത്തിലെ സ്കിറ്റ് അവസാനിക്കുമ്പോൾ ചരി ത്രത്തിൽ നാലു സഹസ്രാബ്ദങ്ങൾ കഴിഞ്ഞുള്ള വർത്തമാന സംഭവത്തിലെ ആയയുടെ റോളി ലേക്ക് ഗബ്രിയേലിന്റെ – ജിബ്രീൽ (അ)യുടെ പേര് വെക്കാൻ കഥാകാരൻ മറന്നതോ; അതോ ഇസ്ലാമിക ഭരണകൂടം സ്ഥാപിക്കാൻ കഴിയാതപോയ ഇബ്രാഹീമി കുടുംബത്തോടുള്ള അത്ര വിരോധം ജിബ്രീൽ(അ)നോടില്ലാത്തത് കൊണ്ട് വിട്ടുകളഞ്ഞതോ?

അല്ലാഹുവിന്റെ ഖലീലായ ഇബ്രാഹിം നബി(അ)യെയും കുടുംബത്തെയും അപഹാസ്യമാ ക്കുന്ന, അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ഇകഴ്ത്തുന്ന ഇത്തരം രചനകൾ പ്രസിദ്ധീകരിക്കുന്ന തിന് മുമ്പ് വായിച്ചുനോക്കി എഡിറ്റുചെയ്ത ‘വനിതകൾ മാത്രം നടത്തുന്ന ഏക വനിതാമാ സികയെന്നവാകാശപ്പെടുന്ന ആരാമത്തിലെ വനിതാരത്നങ്ങൾക്ക് ഇത് വായിച്ചു രസിക്കാനും പ്രസിദ്ധപ്പെടുത്താനും കഴിഞ്ഞത്, വരാനിരിക്കുന്ന സ്ത്രീശക്തിയുടെ നിഷാദ മനസ്ഥിതി വിളി ച്ചറിയിക്കുന്നുണ്ട്.

അഭിനവ ഹാജറമാരെ സൃഷ്ടിക്കാൻ ചുമരെഴുത്തിനിറങ്ങിയ മാസികക്കാരുടെ മനസ്സുകൾ ഇത്രയും കടുത്തുപോയതെന്തേ എന്നാണ് വിശ്വാസികൾ ചിന്തിക്കേണ്ടത്. കാരണം ‘‘നിശ്ചയ മായും സ്വഫായും മർവായും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാകുന്നു’’ (2:;158) ‘‘അത്

(നിങ്ങൾ ഗ്രഹിക്കുക) വല്ലവനും അല്ലാഹുവിന്റെ മത ചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷംതീർച്ച യായും അത് ഹൃദയങ്ങളിലെ ധർമനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ'' (22:32)

''നമ്മുടെ  ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നതു വരെ നീ അവരിൽ നിന്ന് തരിഞ്ഞുകളയുക, ഇനി വല്ല പ്പോഴും നിന്നെ പിശാച് മറപ്പിച്ചുകളയുന്ന പക്ഷം ഓർമ വന്നതിനു ശേഷം അക്രമികളായ ആളുകളുടെ കൂടെ നീ ഇരിക്കരുത്, സൂക്ഷ്മത പാലിക്കുന്നവർക്ക് അവരുടെ (അക്രമികളുടെ) കണക്ക് നോക്കേണ്ട യാതൊരു ബാദ്ധ്യതയുമില്ല പക്ഷേ, ഓർമിപ്പിക്കേണ്ടതുണ്ട്, അവർ സൂക്ഷ്മ തയുള്ളവരായേക്കാം'' (6:68,69)

അത്കൊണ്ട് മാ നിഷാദ.....